2024
MAY
24
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 98465 97621

## ഛത്തീസ്ഗഡിൽ സുരക്ഷാസേന 7 മാവോയിസ്റ്റുകളെ വധിച്ചു

**റായ്പുർ:** ഛത്തീസ്ഗഡിലെ നാരായൺപുരിനടുത്ത് സുരക്ഷാസേന ഏഴു മാവോയിസ്റ്റുകളെ ഏറ്റുമുട്ടലിൽ കൊന്നു. ഏറ്റുമുട്ടൽ ഇപ്പോഴും തുടരുകയാണെന്ന് പൊലീസ് അറിയിച്ചു. ബിജാപുർ, നാരായൺപുർ ജില്ലകളുടെ അതിർത്തിയിലുള്ള വനമേഖലയിൽ വ്യാഴാഴ്ച രാവിലെ 11 മണിയോടെയാണ് ഏറ്റുമുട്ടൽ ആരംഭിച്ചതെന്ന് നാരായൺപുർ പൊലീസ് പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു.



ഇന്ദ്രാവതി ഏരിയാ കമ്മിറ്റിയുടെയും 16ാം പ്ലാറ്റൂണിന്റെയും ഭാഗമായ മാവോയിസ്റ്റുകളുടെ സാന്നിധ്യമുണ്ടെന്ന വിവരം ലഭിച്ചതിനെത്തുടർന്ന് നാരായൺപുർ, ബസ്തർ, ദന്തേവാഡ എന്നിവിടങ്ങളിലെ ജില്ലാ റിസർവ് ഗാർഡിന്റെ (ഡിആർജി) സംയുക്ത സംഘവും പ്രത്യേക ടാസ്ക് ഫോഴ്സും (എസ്ടിഎഫ്) ചേർന്നാണ് തിരച്ചിൽ നടത്തിയത്. മാവോയിസ്റ്റ് യൂണിഫോം ധരിച്ച ഏഴുപേരെ വധിച്ചതായി നാരായൺപുർ പൊലീസ് സൂപ്രണ്ട് പ്രഭാത് കുമാർ പറഞ്ഞു. മരിച്ചവരെ തിരിച്ചറിഞ്ഞിട്ടില്ല.

സംഭവസ്ഥലത്തുനിന്ന് ഏഴ് ആയുധങ്ങൾ കണ്ടെത്തിയെന്നും എസ്പി കൂട്ടിച്ചേർത്തു. ഇതോടെ ഈ വർഷം ഇതുവരെ സുരക്ഷാസേന ഏറ്റുമുട്ടലിൽ വധിച്ച മാവോയിസ്റ്റുകളുടെ എണ്ണം 112 ആയി. ഏപ്രിൽ 30ന് നാരായൺപുർ, കാൻകർ ജില്ലാ അതിർത്തിയിലെ വനമേഖലയിൽ നടന്ന ഏറ്റുമുട്ടലിൽ മൂന്ന് സ്ത്രീകളുൾപ്പെടെ 10 മാവോയിസ്റ്റുകളും ഏപ്രിൽ 16ന് കാൻകറിൽ 29 മാവോയിസ്റ്റുകളും സുരക്ഷാ ഉദ്യോഗസ്ഥരുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടിരുന്നു.

# സംസ്ഥാനത്ത് വീണ്ടും ബാർ കോഴയ്ക്ക് നീക്കം

**തിരുവനന്തപുരം:** സംസ്ഥാനത്ത് വീണ്ടും ബാർ കോഴയ്ക്ക് നീക്കം. മദ്യനയത്തിലെ ഇളവിന് പകരമായി പണപ്പിരിവ് നിർദേശിച്ച് ബാർ ഉടമകളുടെ സംഘടന ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ നേതാവ് അയച്ച ശബ്ദ സന്ദേശം പുറത്ത്.



ഡ്രൈ ഡേ ഒഴിവാക്കാനും ബാർ സമയം കൂട്ടാനുമടക്കം ഒരാൾ നൽകേണ്ടത് രണ്ടര ലക്ഷം രൂപയാണെന്നാണ് ഇടുക്കി ജില്ലാ പ്രസിഡൻറ് അനിമോൻ ആവശ്യപ്പെടുന്നത്. സംഘടനയുടെ സംസ്ഥാന പ്രസിഡൻറിൻറെ നിർദേശപ്രകാരമാണ് പിരിവെന്നും അനിമോൻ വാട്സ് ആപ്പ് സന്ദേശത്തിൽ പറയുന്നുണ്ട്. ഇത് സിപിഎം അറിവോടെയാണെന്നാണ് അറിയുന്നത്

ഡ്രൈ ഡെ ഒഴിവാക്കൽ, ബാറുകളുടെ സമയം കൂട്ടൽ അടക്കം ബാറുടമകളുടെ ആവശ്യങ്ങൾ പരിഗണിച്ചുള്ള പുതിയ മദ്യനയത്തിന് തിരക്കിട്ട ചർച്ചകൾ നടക്കുന്നതിനിടെയാണ് പണം ആവശ്യപ്പെടുന്ന ശബ്ദ സന്ദേശം പുറത്ത് വരുന്നത്.

പണം കൊടുക്കാതെ ആരും നമ്മളെ സഹായിക്കില്ല. രണ്ടര ലക്ഷം രൂപ വച്ച് കൊടുക്കാൻ പറ്റുന്നവർ നൽകുക. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ പുതിയ മദ്യനയം വരും. അതിൽ ഡ്രൈ ഡേ എടുത്ത് കളയും.

അങ്ങനെ പല മാറ്റങ്ങളുമുണ്ടാകും. അത് ചെയ്ത് തരാൻ കൊടുക്കേണ്ടത് കൊടുക്കണമെന്നും ശബ്ദസന്ദേശത്തിൽ പറയുന്നു.

ബാർ ഉടമകളുടെ സംഘടനയുടെ എക്സ്ക്യൂട്ടിവ് യോഗം വ്യാഴാഴ്ച കൊച്ചിയിൽ ചേർന്നിരുന്നു. യോഗസ്ഥലത്ത് നിന്നാണ് ശബ്ദസന്ദേശമയക്കുന്നതെന്നും അനിമോൻ പറയുന്നുണ്ട്. ഇടുക്കിയിൽ നിന്നും സംഘടനയിൽ അംഗമായവരുടെ വാട്സ് ആപ്പ് ഗ്രൂപ്പിലേക്കാണ് ശബ്ദസന്ദേശമെത്തിയത്. പിന്നീട് സന്ദേശം ഡിലീറ്റ് ചെയ്തു.

കൊച്ചിയിൽ ബാർ ഇടമകളുടെ യോഗം നടന്നുവെന്ന് സമ്മതിച്ച സംസ്ഥാന പ്രസിഡൻറ് വി.സുനിൽ കുമാർ, പണപ്പിരിവിന് നിർദ്ദേശം നൽകിയിട്ടില്ലെന്നാണ് പ്രതികരിച്ചത്.

## തമിഴ്നാട്ടിൽ കോടികളുടെ നിക്ഷേപത്തിന് തയ്യാറെടുത്ത് ഗൂഗിൾ

**ചെന്നൈ:** നിക്ഷേപസൗഹൃദവും വ്യവസായങ്ങൾക്ക് പ്രോത്സാഹനവും ലഭിക്കുന്ന സംസ്ഥാനമെന്നാണ് തമിഴ്നാടിനെ അറിയപ്പെടുന്നത്. ഇപ്പോഴിതാ ഇക്കാര്യം ശരിവയ്ക്കുന്ന വാർത്തകളാണ് അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ നിന്ന് പുറത്ത് വരുന്നത്.




സ്മാർട്ട്ഫോൺ നിർമാണത്തിനായി തമിഴ്നാട്ടിൽ ഗൂഗിൾ കോടിക്കണക്കിന് ഡോളർ നിക്ഷേപിക്കാനൊരുങ്ങുന്നുവെന്നാണ് റിപ്പോർട്ടുകൾ. ബ്ലൂംബർഗ് ആണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തിരിക്കുന്നത്.ഇന്ത്യയിലെ ഉത്പാദന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുകയെന്നതാണ് ഗൂഗിൾ ലക്ഷ്യമിടുന്നത്. അതിനുള്ള തുടക്കമെന്ന നിലയിലാണ് തമിഴ്നാട്ടിൽ വൻ നിക്ഷേപം നടത്താൻ പോകുന്നത്. നിർമ്മാണ പങ്കാളിയായ ഫോക്സ്കോൺ ടെക്നോളജി ഗ്രൂപ്പുമായി സഹകരിച്ച് പുത്തൻ പ്രൊഡക്ഷൻ ലൈനുകൾ സജ്ജീകരിച്ച് തമിഴ്നാട്ടിൽ പിക്സൽ ഫോണുകളുടെ അസംബ്ലി ആരംഭിക്കാനാണ് ഗൂഗിൾ ഉദ്ദേശിക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു.വ്യവസായ മന്ത്രി ടിആർബി രാജയും മുതിർന്ന എക്സിക്യൂട്ടീവുകളും ഉൾപ്പെടെയുള്ള തമിഴ്നാട് സർക്കാരിൽ നിന്നുള്ള ഒരു പ്രതിനിധി സംഘം യുഎസിലെ മുതിർന്ന ഗൂഗിൾ മാനേജ്മെന്റുമായി ചർച്ച നടത്തിയെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകളെങ്കിലും ഇക്കാര്യത്തിൽ ഔദ്യോഗികമായ സ്ഥിരീകരണമൊന്നും ഉണ്ടായിട്ടില്ല. അടുത്തിടെയാണ് നിക്ഷേപകരെ ആകർഷിക്കുന്നതിനായി തമിഴ്നാട് സർക്കാർ പ്രത്യേക പരിപാടി തന്നെ സംഘടിപ്പിച്ചത്.തമിഴ്നാട്ടിൽ കൂടുതൽ വ്യവസായങ്ങൾ വരുന്നതിനോടും അനുബന്ധമായി തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതിനും അനുഭാവ നിലപാടുകളാണ് മുഖ്യമന്ത്രി എംകെ സ്റ്റാലിന്റെ നേതൃത്വത്തില നടന്നുകൊണ്ടിരിക്കുന്നത്. കൂടുതൽ വ്യാവസായിക വളർച്ച കൈവരിക്കുകയെന്നത് സർക്കാരിന്റെ നയമാണെന്ന് മുമ്പ് സ്റ്റാലിൻ തന്നെ പറഞ്ഞിട്ടുമുണ്ട്. അയൽ സംസ്ഥാനത്തിന്റെ ഈ നയവും വികസന മോഡലും തീർച്ചയായും കേരളത്തിനും മാതൃകയാക്കാവുന്നതാണെന്നാണ് സാമ്പത്തിക വിദഗ്ധർ അഭിപ്രായപ്പെടുന്നത്.പേഴ്സണൽ കമ്പ്യൂട്ടർ നിർമ്മാതാക്കളായ എച്ച്പിയുമായി ചേർന്ന് ഗൂഗിൾ നേരത്തെ ചെന്നൈയിലെ ഫ്ലെക്സ് സൗകര്യത്തിൽ ക്രോംബുക്സ് നിർമ്മിക്കാൻ ആരംഭിച്ചിരുന്നു. 9.56 ബില്യൺ ഡോളറിന്റെ കയറ്റുമതിയിൽ തമിഴ്നാട് നിലവിൽ ഇലക്ട്രോണിക്സ് കയറ്റുമതിയിൽ മുന്നിലാണ്, ഇത് ഈ മേഖലയിലെ രാജ്യത്തിന്റെ മൊത്തം കയറ്റുമതിയുടെ മൂന്നിലൊന്ന് വരും.





# അവന്റ് ഗാർഡ് റെസിഡൻസുമായി സ്കൈലൈൻ ദുബായിൽ

**കൊച്ചി:** കഴിഞ്ഞ 35 വർഷമായി പാർപ്പിട നിർമാണ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച നിർമാതാക്കളായ സ്കൈലൈൻ ദുബായിൽ പാർപ്പിട പദ്ധതി പ്രഖ്യാപിച്ചു. ദുബായിലെ ജ്യുമേര വില്ലേജ് സെന്ററിലാണ് സ്കൈലൈൻ പ്രഥമ സംരംഭമായ അവൻറ് ഗാർഡ് റെസിഡൻസ് പ്രഖ്യാപിച്ചത്.

പദ്ധതിയുടെ ഉദ്ഘാടനം ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ചെയർമാൻ ഡോ.ആസാദ് മൂപ്പൻ നിർവഹിച്ചു. മാസങ്ങൾക്ക് മുൻപ് മാത്രം ലോഞ്ച് ചെയ്ത പദ്ധതിയിൽ ഇതിനകം തന്നെ 70 ശതമാനത്തിലേറെ ബുക്കിംഗ് ലഭിച്ചു കഴിഞ്ഞതായി സ്കൈലൈൻ ബിൽഡേഴ്സ് സിഎംഡി കെ.വി അബ്ദുൾ അസീസ് കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ആഡംബരത്തിലും കാഴ്ചയിലും രൂപകൽപനയിലും ഏറെ വ്യത്യസ്!തത പുലർത്തുന്ന പാർപ്പിട സമുച്ചയമാണിതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മികവുറ്റ ഡിസൈനിംഗിലൂടെ സ്ഥലത്തിന്റെ ഉപയോഗ സാദ്ധ്യതകൾ, മേൽത്തരം ഫിനിഷിംഗ്, ലോകനിലവാരത്തിനനുയോജ്യമായ സുഖസൗകര്യങ്ങൾ എന്നിവ സമന്വയിപ്പിച്ചിട്ടുണ്ട്. അവൻറ് ഗാർഡിൽ നിന്ന് 20 മിനിറ്റ് കൊണ്ട് വിവിധ ഷോപ്പിംഗ് മാളുകൾ, വിനോദ കേന്ദ്രങ്ങൾ, ബിസിനസ് സെൻററുകൾ എന്നിവിടങ്ങളിലേക്ക് എത്താനാകും. ദുബായിലെ പാർപ്പിട സമുച്ചയത്തിൽ നിക്ഷേപിക്കുന്നത് വഴി എട്ട് മുതൽ ഒൻപത് ശതമാനം വരെ സാമ്പത്തിക വളർച്ച നേടാൻ നിക്ഷേപകന് കഴിയും. 500 കോടിയോളം രൂപയുടെ മുതൽ മുടക്കിലാണ് പദ്ധതി യാഥാർഥ്യമാക്കുന്നതെന്ന് കെ.വി അബ്ദുൾ അസീസ് പറഞ്ഞു. പുതു തലമുറയുടെ അഭിരുചികൾ മുൻകൂട്ടി കണ്ടു കൊണ്ട് സ്കൈലൈൻ ഹെക്റ്റേഴ്സ് എന്ന നൂതന ആശയവും സ്കൈലൈൻ അവതരിപ്പിച്ചു. ഉപഭോക്താക്കളുടെ പ്ലോട്ടിൽ അവരുടെ ആശയത്തിനനുസരിച്ച് വീടുകൾ യഥേഷ്ടം രൂപകൽപന ചെയ്യാമെന്നതാണ് ഇതിന്റെ സവിശേഷത. ക്ലബ് ഹൗസ്, സ്വിമ്മിംഗ് പൂൾ, ഹെൽത്ത് ക്ലബ്, മൾട്ടിപർപ്പസ് ഹാൾ, കളിസ്ഥലങ്ങൾ, പാർക്കുകൾ, വെള്ളം, വൈദ്യുതി, പേവ്ഡ് റോഡുകൾ, സെക്യൂരിറ്റി സംവിധാനങ്ങൾ എന്നിവയെല്ലാമുണ്ടാകും. നിലവിൽ സ്കൈലൈനിന് പതിനൊന്ന് ലക്ഷത്തിലധികം ചതുരശ്ര അടി പാർപ്പിട നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 500 കോടി രൂപ മുതൽ മുടക്കിൽ പത്തോളം പ്രോജക്ടുകൾ പുരോഗമിക്കുകയാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ പതിമൂന്നിൽ പരം പ്രോജക്ടുകൾ കേരളത്തിൻറെ വിവിധ നഗരങ്ങളിൽ ലോഞ്ച് ചെയ്യും. ആയിരം കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. സ്കൈലൈൻ എക്സിക്യൂട്ടീവ് ഡയറക്ടർ സഹൽ അസീസ്, ഓപ്പറേഷൻസ് വിഭാഗം സീനിയർ വൈസ് പ്രസിഡൻറ് തോമസ് മാത്യു, ഫിനാൻസ് വിഭാഗം സീനിയർ വൈസ് പ്രസിഡൻറ് ജിജോ ആലപ്പാട്ട്, സെയിൽസ് ആൻഡ് മാർക്കറ്റിങ് മേധാവി മുഹമ്മദ് ഫാറൂഖ് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# നിസാൻ മാഗ്നൈറ്റ് ഗെസ സിവിടി സ്പെഷ്യൽ എഡിഷൻ പുറത്തിറക്കി




**കൊച്ചി:** മാഗ്നൈറ്റ് ഗെസ സ്പെഷ്യൽ എഡിഷന്റെ ഒന്നാം വാർഷികത്തിൽ മാഗ്നൈറ്റ് ഗെസ സിവിടി സ്പെഷ്യൽ എഡിഷൻ പുറത്തിറക്കി നിസാൻ മോട്ടോർ ഇന്ത്യ. ജാപ്പനീസ് തിയേറ്ററും സംഗീതവും പ്രചോദനമായ ഗെസ സിവിടി സ്പെഷ്യൽ എഡിഷന് 9.84 ലക്ഷം രൂപയാണ് പ്രാരംഭ വില. ഹൈറെസല്യൂഷൻ 22.86 സെ. മീ. ടച്ച്സ്ക്രീൻ, വയർലെസ് കണക്റ്റിവിറ്റിയുള്ള ആൻഡ്രോയിഡ് കാർപ്ലേ, പ്രീമിയം ജെബിഎൽ സ്പീക്കർ സിസ്റ്റം, ട്രാക്ക് ലൈനോടുകൂടിയ പിൻ ക്യാമറ, നിസാൻ ആപ്പ് അധിഷ്ഠിത നിയന്ത്രണങ്ങളുള്ള ആംബിയന്റ് ലൈറ്റിംഗ്, ഓപ്ഷണലായി പ്രീമിയം ബീജ് നിറമുള്ള സീറ്റ് അപ്ഹോൾസ്റ്ററി എന്നിങ്ങനെയുള്ള ധാരാളം പ്രത്യേകതകളുമുണ്ട്.ബിഎസ് യുവി സിവിടി ടർബോ വിപണിയിൽ മറ്റുള്ളവയൊന്നും നൽകാത്ത സവിശേഷതകളുള്ള എന്നാൽ മികച്ച വിലയിലും ലഭ്യമായ മാഗ്നൈറ്റ് ഗെസ സിവിടി സ്പെഷ്യൽ എഡിഷൻ, മികച്ച ഇൻക്ലാസ് സാങ്കേതികവിദ്യയും നൂതനവുമായ പ്രീമിയം സവിശേഷതകൾ നൽകാനുള്ള നിസാനിന്റെ പ്രതിബദ്ധത എടുത്തുകാട്ടുന്നുവെന്ന് നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.




വർമ്മ ഹോംസിൻറെ വെണ്ണലയിലുള്ള വർമ്മ കണക്റ്റിൻറെ സാമ്പിൾ അപ്പാർട്ട്മെൻറ് വർമ്മ ഹോംസ് ഡയറക്ടർ ഡോ.മിനി വർമ്മ ഉദ്ഘാടനം ചെയ്യുന്നു

# വർമ്മ ഹോംസിന്റെ സാമ്പിൾ അപ്പാർട്ട്മെന്റ് വെണ്ണലയിൽ

**കൊച്ചി:** വർമ്മ ഹോംസിൻറെ കൊച്ചി വെണ്ണലയിലുള്ള വർമ്മ കണക്റ്റിൻറെ സാമ്പിൾ അപ്പാർട്ട്മെൻറ് ഉദ്ഘാടനം ചെയ്തു. വർമ്മ ഹോംസ് ഡയറക്ടർ ഡോ.മിനി വർമ്മ അപ്പാർട്ട്മെന്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, പ്രോജെക്റ്റ്സ് ജിഎം ബിന്ദു നൈനാൻ, പർച്ചേസ് സീനിയർ മാനേജർ രേഖ പ്രമോദ്, പ്ലാനിംഗ് മാനേജർ ആരതി വർമ്മ, അസി.മാനേജർ എൻ.ആർ ലക്ഷ്മി തുടങ്ങിയവർ പങ്കെടുത്തു.




# എസ്കെഎഫ് ട്രക്ക് ആക്ടിവേഷൻ ക്യാമ്പയിൻ ആരംഭിച്ചു

**തൃശൂർ:** വാണിജ്യ വാഹന മെക്കാനിക്കുകൾക്കായി എസ്കെഎഫ് ട്രക്ക് ആക്ടിവേഷൻ ക്യാമ്പയിൻ ആരംഭിച്ചു. ക്യാമ്പയിന്റെ ഭാഗമായി തൃശ്ശൂരിലെ മെക്കാനിക്കുകളുമായി ഓട്ടോമോട്ടീവ് സൊല്യൂഷനുകളുടെ ദാതാവായ എസ്കെഎഫ് കൂടിക്കാഴ്ച നടത്തി.ഓട്ടോമോട്ടീവ് മേഖലയിലെ സുസ്ഥിരതയ്ക്കായി മെക്കാനിക്കുകളുടെ ജീവിതത്തെ സുഗമമാക്കുന്നതിൽ അവരുടെ നിർണായക പങ്ക് പ്രകടമാക്കുക എന്നതാണ് ക്യാമ്പയിന്റെ ലക്ഷ്യം. ഇതിനായി ഒരുക്കിയ പ്രത്യേക ട്രക്കിന്റെയുള്ളിൽ മെക്കാനിക്കുകൾക്ക് വാണിജ്യ വാഹനങ്ങൾക്കായുള്ള ഓഫറുകൾ , എസ്കെഎഫ് മെക്കാനിക് പാര്ട്ണര്ഷിപ്പ് പ്രോഗ്രാമിനെക്കുറിച്ചുള്ള ബോധവൽക്കരണം, വിആർ അനുഭവം എന്നിവ ഒരുക്കിയിട്ടുണ്ട്.എസ്കെഎഫ് ട്രക്ക് ആക്ടിവേഷൻ കാമ്പെയ്ൻ നിർമ്മാതാക്കളും മെക്കാനിക്സും തമ്മിലുള്ള വിടവ് നികത്തുന്നതിനും സഹകരണം വളർത്തുന്നതിനും സഹായിക്കുന്നുവെന്ന് എസ്കെഎഫ് ഓട്ടോമോട്ടീവ് ഇന്ത്യ & തെക്കുകിഴക്കൻ ഏഷ്യ ഡയറക്ടറായ അലഗേശൻ തസരി പറഞ്ഞു.

# ഗസ്റ്റ് അധ്യാപക ഒഴിവ്

**തിരുവനന്തപുരം:** ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളജിൽ 202425 അധ്യയന വർഷത്തിൽ വീണ വിഭാഗത്തിൽ ഒഴിവുള്ള തസ്തികയിലേക്ക് അതിഥി അധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നിയമിക്കുന്നതിന് നിശ്ചിത യോഗ്യതയുള്ളതും കോളജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഉദ്യോഗാർഥികൾക്ക് മെയ് 30 ന് രാവിലെ 10 ന് കോളജിൽ വച്ച് നടക്കുന്ന അഭിമുഖത്തിൽ നേരിട്ട് പങ്കെടുക്കാം. യോഗ്യത തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളും പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പും സഹിതം അഭിമുഖ സമയത്ത് ഹാജരാക്കണം.



# മദ്ധ്യവേനലവധി ഓഫറുകളുമായി ദുബായ് ടൂറിസം

**കൊച്ചി:** മദ്ധ്യവേനൽ അവധിക്കാലം കുടുംബത്തോടൊപ്പം ചിലവഴിക്കാൻ അവസരമൊരുക്കി ദുബായ് ടൂറിസം. ഇൻഡോർ മഞ്ഞ് സാഹസികത മുതൽ ഹൃദയസ്പർശിയായ വാട്ടർപാർക്ക് ആവേശം വരെ അവിസ്മരണീയമായ യാത്രയാണ സഞ്ചാരികൾക്ക് ദുബായ് വാഗ്ദാനം ചെയ്യുന്നത്. നഗരത്തിലെ അസംഖ്യം ആകർഷണങ്ങൾ വിശ്രമവും സാഹസികതയും ആഗ്രഹിക്കുന്ന കുടുംബങ്ങൾക്ക് അനുയോജ്യമായ മരുപ്പച്ച ഒരുക്കുന്നു.

എമിറേറ്റ്സിലെ തിരക്കേറിയ മാളിനുള്ളിൽ സ്ഥിതി ചെയ്യുന്ന സ്കീ ദുബായി നൂതനമായ ഇൻഡോർ സ്കീ റിസോർട്ടാണ്. ഓമനത്തമുള്ള പെൻഗ്വിനുകളെ കണ്ടുമുട്ടുന്നത് മുതൽ ടിൻ ട്രാക്ക് ബോബ്സ്ലെഡ് ഓടിക്കുന്നത് വരെയുള്ള നിരവധി പ്രവർത്തനങ്ങൾ സ്കൈ ദുബായ് വാഗ്ദാനം ചെയ്യുന്നു. എല്ലാ പ്രായത്തിലുമുള്ള വാട്ടർപാർക്ക് പ്രേമികളെ ആകർഷിക്കുന്ന, ദുബായിലെ അകാവെഞ്ചർ തീം പാർക്ക് ലോകത്തിലെ ഏറ്റവും ഉയരം കൂടിയതും വേഗതയേറിയതുമായ ചിലത് ഉൾപ്പെടെ 105 സ്ലൈഡുകളുടെയും റൈഡുകളുടെയും ശ്രേണിതന്നെയാണ് വാഗ്ദാനം ചെയ്യുന്നത്.

സ്കൈഡൈവ് ദുബായ് ധൈര്യശാലികൾക്കായി നീക്കിവച്ചിരിക്കുന്ന ഒരു പ്രവർത്തനമാണെന്ന് തോന്നുമെങ്കിലും, ഇത് യഥാർത്ഥത്തിൽ കുടുംബങ്ങൾക്ക് ഒരുമിച്ച് ആസ്വദിക്കാൻ കഴിയുന്ന ഒരു ആവേശകരമായ സാഹസികതയാണ്. ദെയ്റയിലെ അൽ ഗുറൈർ സെന്ററിൽ സ്ഥിതി ചെയ്യുന്ന ഗ്ലിച്, ഏകദേശം 4,000 ചതുരശ്ര മീറ്ററിൽ വ്യാപിച്ചുകിടക്കുന്ന 30ലധികം ഇൻഡോർ ഗെയിമുകൾ ആസ്വദിക്കാം. ന്യൂട്ടൺസ് വാളിൽ ഗുരുത്വാകർഷണത്തെ എതിർക്കുന്നതും കസുവിന്റെ നിൻജ യോദ്ധാക്കളുടെ ശൈലിയിൽ ചടുലത പരീക്ഷിക്കുന്നതും എല്ലാ പ്രായക്കാരെയും ആകർഷിക്കും.

സ്കൈ സർഫ് ഉപയോഗിച്ച് വേദിക്ക് മുകളിലേക്ക് നീങ്ങുക അല്ലെങ്കിൽ ലൂപ്പ് ഡി ലൂപ്പിന്റെ ആവേശകരമായ സ്ലൈഡ് സൂം ഡൗൺ ചെയ്യുക, ഗെയിംപോർട്ട് ആർക്കേഡിലെ ഫാമിലി ബൗളിംഗും റെട്രോ ഗെയിമിംഗും എന്നിങ്ങനെ രസകരമായ നിരവധി കുടുംബ സൗഹൃദ ആകർഷണങ്ങൾ ഇവിടെ ലഭ്യമാണ്.2024 സെപ്റ്റംബർ വരെ തുറന്നിരിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ പ്രകൃതിദത്ത പൂന്തോട്ടമായ ദുബായ് മിറാക്കിൾ ഗാർഡനിലെ പൂക്കളുടെ മാസ്മരികത നിങ്ങളെ ആകർഷിക്കുന്ന മറ്റൊരു ഘടകമാണ്. കെട്ടിടങ്ങളുടെയും ഘടനകളുടെയും പ്രദർശനങ്ങൾ ഉൾപ്പെടെ 150 ദശലക്ഷത്തിലധികം പൂക്കൾ ഇവിടെ വിരിഞ്ഞുനിൽക്കുന്നു. 500,000ലധികം പുഷ്പങ്ങളാൽ പൊതിഞ്ഞ ഗിന്നസ് വേൾഡ് റെക്കോർഡ് തകർത്ത എയർബസ് എ380 സൂപ്പർജംബോ വിമാനം ഇവിടത്തെ ആകർഷണമാണ്.

ദുബായ് മാളിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ആർട്ട് മ്യൂസിയത്തിൽ കലയ്ക്ക് ജീവനും പ്രകൃതിയും സാങ്കേതികവിദ്യയുമായി പൊരുത്തപ്പെടുന്ന ഒരു ലോകത്തിലേക്ക് ചുവടുവെയ്ക്കാം. ദുബായ് പാർക്ക്സ് ആൻഡ് റിസോർട്ടുകൾക്കുള്ളിലെ ദുബായിലെ പ്രീമിയർ ഫുട്ബോൾ തീം അമ്യൂസ്മെന്റ് പാർക്കായ റയൽ മാഡ്രിഡ് വേൾഡിൽ ഹാല മാഡ്രിഡ്, സ്റ്റാർസ് ഫ്ലയർ തുടങ്ങിയ ത്രില്ലിംഗ് റൈഡുകൾ ഉൾപ്പെടെ 40ലധികം ആകർഷണങ്ങളും അനുഭവങ്ങളും ആസ്വദിക്കാം.

ബെർണാബ്യൂ അനുഭവം പോലെയുള്ള ആകർഷണീയമായ ആകർഷണങ്ങൾ പര്യവേക്ഷണം ചെയ്യുവാനും ദൈനംദിന വിനോദ പരിപാടികൾ ആസ്വദിക്കുവാനും ഇവിടെ സൗകര്യമുണ്ട്.

# ആമസോൺ ഫ്രെഷിൽ മാംഗോ സ്റ്റോർ ആരംഭിച്ചു

**കൊച്ചി:** ഇരുപതിലധികം മാമ്പഴയിനങ്ങളുമായി ആമസോൺ ഫ്രെഷ് മാംഗോ സ്റ്റോർ ആരംഭിച്ചു. ഐസ്ക്രീം വാങ്ങുന്നവരുടെ എണ്ണത്തിൽ 20 ശതമാനവും ഡയറി, ഡയറി ഇതര പാനീയങ്ങൾ വാങ്ങുന്നവരിൽ 33 ശതമാനം വർദ്ധനവും ഉണ്ടായി. ഇന്ത്യയിലുടനീളമുള്ള ഉപഭോക്താക്കൾ ബംഗനപ്പള്ളി മാമ്പഴമാണ് ഏറ്റവും കൂടുതൽ വാങ്ങിയത്. രത്നഗിരി അൽഫോൻസോ, സിന്ധുര, തോതാപുരി, കേസർ എന്നിവയാണ് മറ്റ് ജനപ്രിയ മാമ്പഴ ഇനങ്ങൾ. ആമസോൺ ഫ്രെഷിലെ എല്ലാ മാമ്പഴങ്ങളും 4സ്റ്റെപ്പ് ക്വാളിറ്റി പരിശോധനയ്ക്ക് ശേഷമാണ് ഉപഭോക്താക്കളിൽ എത്തുന്നത്. 249 രൂപയ്ക്ക് മുകളിലുള്ള എല്ലാ ഓർഡറുകൾക്കും ഫ്രീ ഡെലിവറിയും സൂപ്പർ സേവർ ഡീലുകൾ, ബാസ്ക്കറ്റ് പർച്ചേസുകളിൽ പ്രതിമാസ/പ്രതിവാര ക്യാഷ്ബാക്ക് തുടങ്ങിയ ഓഫറുകളും ലഭ്യമാണ്.മാറിവരുന്ന ഉപഭോക്തൃ ആവശ്യങ്ങൾ നിറവേറ്റാൻ ഷുഗർഫ്രീ, വേഗൻ, ലോ കലോറി ഓപ്ഷനുകൾ ഉൾപ്പെടെ ആരോഗ്യകരമായ ബദൽ ഉൽപ്പന്നങ്ങളും ഉൾപെടുത്തിയിട്ടുണ്ടെന്ന് ആമസോൺ ഫ്രെഷ് ഇൻ ഡയറക്ടർ ശ്രീകാന്ത് ശ്രീറാം പറഞ്ഞു.



# ബോധിനി ട്രസ്റ്റിന്റെ ഞങ്ങൾ ഉണ്ട് കൂടെ ക്യാംപയിൻ

**കൊച്ചി:** മാനസികാരോഗ്യത്തിനായി പോസിറ്റീവും സുരക്ഷിതവുമായ ഓൺലൈൻ ഇടങ്ങൾ പ്രോത്സാഹിപ്പിക്കുക, ലൈംഗിക അതിക്രമങ്ങൾക്ക് ഇരയായവരെ ജീവിതത്തിലേക്ക് തിരികെ എത്തിക്കുക എന്നീ ലക്ഷ്യത്തോടെ ബോധിനി ട്രസ്റ്റ് തുടക്കം കുറിച്ച 'ഞങ്ങളുണ്ട് കൂടെ' ക്യാംപയിന് തുടക്കമായി. മരട് ന്യൂക്ലിയസ് മാളിൽ നടന്ന ചടങ്ങിൽ സംവിധായകൻ ജൂഡ് ആന്റണി ക്യാംപയിൻ ഉദ്ഘാടനം ചെയ്തു. സൈബർ സുരക്ഷാ നിയമങ്ങൾ, ജീവിതശൈലിയിൽ ഉറക്കത്തിന്റെ പ്രാധാന്യം, ഡിജിറ്റൽ വെൽനസ് തുടങ്ങിയവ ഉൾപ്പെടുത്തി പൊതുജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ തയ്യാറാക്കിയ റിസോഴ്സ് മെറ്റീരിയൽസ് അദ്ദേഹം പ്രകാശനം ചെയ്തു.ക്യാംപയിന്റെ ഭാഗമായി പോക്സോ അതിക്രമങ്ങളിൽപ്പെട്ട കുട്ടികളുടെ അവകാശങ്ങൾ പ്രതിപാദിക്കുന്ന പോസ്റ്ററിന്റെ പ്രകാശനം ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ. മുഹമ്മദ് മുസ്താഖ് ഓൺലൈനായി നിർവഹിച്ചു. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി മെമ്പർ സെക്രട്ടറി ജോഷി ജോൺ, വിക്ടിം റൈറ്റ്സ് സെന്ററിന്റെ (വി ആർ സി) പ്രതിനിധിയായ അഡ്വ. പാർവതി സഞ്ജയ്ക്ക് പോസ്റ്റർ കൈമാറി. ചടങ്ങിൽ സൈബറിടങ്ങളിലെ സുരക്ഷയെ സംബന്ധിച്ചുള്ള കുട്ടികളുടെ പതിവ് ചോദ്യങ്ങൾ ഉൾപ്പെടുത്തി യൂനിസെഫിന്റെ സാങ്കേതിക പിന്തുണയോടെ തയ്യാറാക്കിയ ലഘുലേഖ തിരുവനന്തപുരം ഡിഐജി ആർ. നിശാന്തിനി പ്രകാശനം ചെയ്തു. സൈബർ സൈബർ സുരക്ഷ ബോധവത്കരണം സംബന്ധിച്ച ബോധിനി ബ്രോഷർ ഫെഡറൽ ബാങ്ക് മുൻ ചെയർമാൻ സി. ബാലഗോപാൽ പുറത്തിറക്കി. ചടങ്ങിൽ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ശോഭ അന്നമ്മ ഈപ്പൻ, കേരളാ സ്റ്റേറ്റ് മീഡിയേഷൻ ആൻഡ് കോൺസിലിയേഷൻ സെന്റർ ഡയറക്ടർ ജുബിയ എ, മേരി ജോർജ്ജ്, സലിം മണവാളൻ, സീനിയർ സൈക്യാട്രിസ്റ്റ് സി.ജെ ജോൺ, ഡോ.സബിൻ വിശ്വനാഥ് തുടങ്ങിയവരും പങ്കെടുത്തു. ഉദ്ഘാടനത്തിന് ശേഷം 450 ആശാ പ്രവർത്തകർക്ക് വേണ്ടി പ്രത്യേക ബോധവത്കരണ ക്ലാസ്സും നടന്നു.







ജോയ്ആലുക്കാസ് ഗ്രൂപ്പിന്റെ ഹ്യൂസ്റ്റനിൽ പ്രവർത്തനമാരംഭിച്ച നവീകരിച്ച പുതിയ ഷോറൂമിന്റെ ഉദ്ഘാടനം കെ.പി. ജോർജ്ജും (ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജി) ജൂലി മാത്യുവും (കൗണ്ടി കോർട്ട് ലോ 3ന്റെ പ്രിസൈഡിംഗ് ജഡ്ജി) ചേർന്ന് നിർവഹിക്കുന്നു. ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ജോയ് ആലുക്കാസ് സമീപം.

# സ്റ്റാറാകാൻ സ്റ്റാറേ

## മിക്കേൽ സ്റ്റാറേ ബ്ലാസ്റ്റേഴ്സിന്റെ പുതിയ പരിശീലകൻ

**കൊച്ചി:**കേരളാ ബ്ലാസ്റ്റേഴ്സിന്റെ മുഖ്യ പരിശീലകനായി സ്വീഡിഷ് പരിശീലകൻ മിക്കേൽ സ്റ്റാറേ, പതിനേഴു വർഷത്തോളം പരിശീലക അനുഭവ സമ്പത്തുള്ള സ്റ്റാറേ വിവിധ പ്രമുഖ ഫുട്ബാൾ ലീഗുകളിൽ പരിശീലകനായി പ്രവർത്തിച്ചിട്ടുണ്ട്. 48 കാരനായ സ്റ്റാറേ 2026 വരെയാണ് കേരളാ ബ്ലാസ്റ്റേഴ്സുമായി കരാർ ഒപ്പിട്ടിരിക്കുന്നത്. രണ്ട് ദശാബ്ദത്തിലേറെ നീണ്ട പരിശീലന പരിചയമുള്ള മൈക്കൽ സ്റ്റാറേ തന്ത്രപരമായ വൈദഗ്ദ്ധ്യത്താലും നേതൃത്വഗുണങ്ങളാലും പ്രശസ്തമാണ്. സ്വീഡിഷ് ക്ലബായ വാസ്ബി യുണൈറ്റഡിലൂടെ പരിശീലക കുപ്പായം അണിഞ്ഞ സ്റ്റാറേ 2009ൽ സ്വീഡിഷ് ക്ലബായ എഐകെയുടെ മുഖ്യ പരിശീലകനായി ചുമതലയേറ്റു, എഐകെയ്ക്കൊപ്പം സ്വീഡിഷ് ലീഗ് ആയ ഓൾസ്വെൻസ്കാൻ ഒപ്പം തന്നെ കപ്പ് മത്സരങ്ങളായ സ്വെൻസ്ക കപ്പൻ, സൂപ്പർകുപെൻ എന്നിവ നേടിയതും ഐഎഫ്കെ ഗോട്ടെബർഗിനൊപ്പം സ്വെൻസ്ക കപ്പൻ നേടിയതും അദ്ദേഹത്തിന്റെ കരിയറിലെ സുപ്രധാന നേട്ടങ്ങളാണ്. നാനൂറോളം മത്സര സമ്പത്തുള്ള സ്റ്റാറേ സ്വീഡൻ, ചൈന,നോർവേ,അമേരിക്ക, തായ്ലൻഡ് എന്നിവിടങ്ങളിലായി എഐകെ, പാനിയോനിയോസ്, ഐഎഫ്കെ ഗോട്ടെബർഗ്, ഡാലിയൻ യിഫാംഗ്, ബികെ ഹാക്കൻ, സാൻ ജോസ്



എർത്ത്ക്വേക്ക്സ്, സാർപ്സ്ബോർഗ് 08, സർപ്സ്ബോർഗ് 08 തുടങ്ങിയ പ്രമുഖ ടീമുകളെ പരിശീലിപ്പിച്ചിട്ടുണ്ട്. ഏറ്റവും അവസാനമായി തായ് ലീഗിലെ ഉതൈ താനിയെയാണ് മിക്കേൽ സ്റ്റാറേ പരിശീലിപ്പിച്ചത്. ചലനാത്മക പരിശീലന ശൈലിയും യുവ പ്രതിഭകളെ വളർത്തിയെടുക്കാനുള്ള കഴിവും അദ്ദേഹത്തിന്റെ കരിയറിൽ ഉടനീളം പ്രകടമാണ്.കേരള ബ്ലാസ്റ്റേഴ്സ് മുഖ്യപരിശീലകനാകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് മൈക്കൽ സ്റ്റാറേ പറഞ്ഞു. ഏഷ്യയിൽ കോച്ചിംഗ് കരിയർ തുടരാനും ഈ മനോഹരമായ ഭൂഖണ്ഡത്തിലെ എന്റെ മൂന്നാമത്തെ രാജ്യത്തിൽ എത്തിച്ചേരുവാനും സാധിച്ചതിൽ ഞാൻ വളരെ അഭിമാനിക്കുന്നുവെന്നും സ്റ്റാറേ കൂട്ടിച്ചേർത്തു.ഒരുപാട് ആകാംഷയും പ്രചോദനവും നിറഞ്ഞ ഒരു വ്യക്തിയാണ് മിക്കേൽ സ്റ്റാറേയെന്നും. അപാരമായ അനുഭവസമ്പത്തും ശക്തമായ നേതൃത്വവും അദ്ദേഹത്തിനുണ്ടെന്നും അദ്ദേഹത്തിന് ഒപ്പം ഒരുമിച്ച് പ്രവർത്തിക്കാൻ തങ്ങൾ ആഗ്രഹിക്കുന്നുവെന്നും കേരളാ ബ്ലാസ്റ്റേഴ്സ് സ്പോർട്ടിങ് ഡയറക്ടർ കരോലിസ് സ്കിൻകിസ് പറഞ്ഞു.മുഖ്യ പരിശീലകനെന്നതിന് പുറമേ, 19902005 കാലഘട്ടത്തിൽ ഗ്രോൻഡൽസ്, ഹാമർബി, എഐകെ എന്നീ ക്ലബ്ബുകളുടെ യൂത്ത് ടീമിനെയും സ്റ്റാറേ പരിശീലിപ്പിച്ചിട്ടുണ്ട്. കൂടാതെ 2004ൽ എഐകെ അണ്ടർ 19 ടീമിനെ ദേശീയ കിരീടത്തിലേക്ക് നയിക്കുവാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

ഐഎസ്എൽ ചരിത്രത്തിലെ ആദ്യ സ്വീഡിഷ് പരിശീലകൻ കൂടിയാണ് മിക്കേൽ സ്റ്റാറേ. സ്റ്റാറേയുടെ നേതൃത്വത്തിൽ ടീമിനു മികച്ച പ്രകടനം നടത്താനും, വരും സീസണുകളിൽ കിരീട നേട്ടത്തിനായി മത്സരിക്കുവാനുമുള്ള പ്രചോദനം നൽകുവാനും സാധിക്കുമെന്ന് ക്ലബ്ബിന് വിശ്വാസമുണ്ട്. പ്രീസീസണിന്റെ തുടക്കത്തിൽ തന്നെ മിക്കേൽ സ്റ്റാറേ ടീമിനൊപ്പം ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## സംസ്ഥാന വിവരവകാശ കമ്മീഷൻ ഹിയറിങ്: 33 പരാതികൾ തീർപ്പാക്കി

**തിരുവനന്തപുരം:** സംസ്ഥാന വിവരവകാശ കമ്മീഷൻ ജില്ലയിൽ നടത്തിയ ഹിയറിങ്ങിൽ പരിഗണിച്ച 37 പരാതികളിൽ 33 എണ്ണം തീർപ്പാക്കി. ബാക്കി പരാതികൾ അടുത്ത സിറ്റിങ്ങിലേക്ക് മാറ്റി. കലക്ടറേറ്റ് വീഡിയോ കോൺഫറൻസ് ഹാളിൽ വിവരാവകാശ കമ്മീഷണർ ഡോ. കെ.എം. ദിലീപാണ് പരാതികൾ പരിഗണിച്ചത്.

റവന്യൂ, പോലീസ്, തദ്ദേശസ്വയം ഭരണം, വാട്ടർ അതോറിറ്റി വകുപ്പുകളിലെയും കാർഷിക സർവകലാശാലയിലെയും പരാതികളാണ് പരിഗണിച്ചത്. വകുപ്പുകൾ ബന്ധപ്പെട്ട വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം. കൂടാതെ അപേക്ഷകർക്ക് യഥാസമയം വിവരങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും വിവരവകാശ കമ്മീഷണർ നിർദ്ദേശിച്ചു.




## ആത്മവിശ്വാസത്തിൻറെ നേർക്കാഴ്ചയായി സൈബർപാർക്കിലെ സർഗശേഷി പ്രദർശനം

**കോഴിക്കോട്:** ഡൗൺ സിൻഡ്രോം ബാധിച്ച വനിതകൾ കോഴിക്കോട് സൈബർപാർക്കിലൊരുക്കിയ കരകൗശല പ്രദർശനം കഴിവിൻറെ മാത്രമല്ല, ആത്മവിശ്വാസത്തിൻറെ കൂടി നേർക്കാഴ്ചയായി. കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന 'സർഗശേഷി' എന്ന സ്ഥാപനമാണ് സൈബർപാർക്കിൽ പ്രദർശനം സംഘടിപ്പിച്ചത്.മരത്തിൽ ഉണ്ടാക്കിയ കളിപ്പാട്ടങ്ങൾ, ജൂട്ട് ബാഗുകൾ, കീ ചെയിൻ, തുണിത്തരങ്ങൾ തുടങ്ങിയവ കൊണ്ട് സമ്പന്നമായിരുന്നു പ്രദർശനം. വടകര ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്, തിരുവനന്തപുരത്തെ ക്രാഫ്റ്റ് സെൻറർ എന്നിവിടങ്ങളിൽ നിന്നെത്തിച്ച കരകൗശല വസ്തുക്കൾ കൂടാതെ 'സർഗശേഷി'യിലെ അന്തേവാസികൾ നിർമ്മിച്ച വസ്തുക്കളും പ്രദർശനത്തിലെത്തിച്ചിരുന്നു.ഡൗൺ സിൻഡ്രോം ബാധിച്ച വനിതകൾ തന്നെയാണ് ഇതിൻറെ വിശദാംശങ്ങൾ സന്ദർശകർക്ക് വിവരിച്ച് നൽകുന്നതും വിൽപന നടത്തുന്നതും. പണവും യുപിഐയും ഉപയോഗിച്ചുള്ള ബില്ലിംഗ്, അതത് വസ്തുക്കളുടെ വിശദാംശങ്ങൾ തുടങ്ങിയവയിൽ ഇവർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.സൈബർപാർക്കിലെ എല്ലാ കമ്പനിയിൽ നിന്നുള്ള ജീവനക്കാരും വളരെ താത്പര്യത്തോടെയാണ് പ്രദർശനം കാണാനെത്തിയത്. മികച്ച വിൽപനയും ഇവരിലൂടെ 'സർഗശേഷി'യ്ക്ക് ലഭിച്ചു.

## ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ജി.എസ്.ടി കോഴ്സിന് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള സർക്കാർ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ജി.എസ്.ടി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. 202425 അധ്യയന വർഷത്തെ കോഴ്സിന്റെ അടിസ്ഥാന യോഗ്യത അംഗീകൃത സർവ്വകലാശാല ബിരുദമാണ്. നികുതി പ്രാക്ടീഷണർമാർ, അക്കൗണ്ടന്റുമാർ, നിയമവിദഗ്ധർ, വിദ്യാർഥികൾ, അധ്യാപകർ, ഉദ്യോഗസ്ഥർ എന്നിവരെ ഉദ്ദേശിച്ചാണ് കോഴ്സ് തുടങ്ങിയിരിക്കുന്നത്. ജി.എസ്.ടി നിയമം, ചട്ടം, അക്കൗണ്ടിങ് എന്നിവയിൽ നൈപുണ്യം നേടുന്നതിനും, ടാക്സ് പ്രാക്ടീഷണർ ആകുന്നതിലേക്കുമുള്ള വൈദഗ്ധ്യം നേടുന്നതിനും സഹായകരമാകുന്ന രീതിയിലാണ് ഈ കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്. അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാവുന്ന ഒരു വർഷത്തെ കോഴ്സിൽ 180 മണിക്കൂർ പരിശീലനമാണ് (ഓൺലൈൻ/ ഓഫ് ലൈൻ) ഉൾപ്പെടുത്തിയിട്ടുള്ളത്. വിദ്യാർഥികൾ, സർക്കാർ അർധസർക്കാർ പൊതുമേഖലാ ജീവനക്കാർ, പ്രവാസികൾ, റിട്ടയർ ചെയ്തവർ, മുതിർന്ന പൗരന്മാർ എന്നിവർ ഉൾപ്പെട്ട 13 വിഭാഗങ്ങൾക്ക് ഫീസിൽ ആകർഷകമായ ഇളവുകളുണ്ട്. കോഴ്സിന്റെ സിലബസ്, ഫീസ് തുടങ്ങിയ വിവരങ്ങൾ ഗിഫ്റ്റ് വെബ്സൈറ്റിൽ (www.gift.res.in) ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: 04712596980, 9746972011, 9995446032. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 15.

## പോളിടെക്നിക് ലാറ്ററൽ എൻട്രി അഡ്മിഷൻ

**തിരുവനന്തപുരം:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ പോളിടെക്നിക് കോളജുകളിലേക്ക് ലാറ്ററൽ എൻട്രി വഴി രണ്ടാം വർഷ ഡിപ്ലോമ കോഴ്സുകളിലേക്ക് നേരിട്ടുള്ള പ്രവേശനത്തിന്റെ ഓൺലൈൻ അപേക്ഷ സമർപ്പണം ആരംഭിച്ചു. പ്ലസ്ടു/വിഎച്ച്എസ്ഇ/ഐടിഐ/ കെജിസിഇ/എൻസിവിടി/എസ്സിവിടി എന്നിവയാണ് യോഗ്യത. അപേക്ഷ സമർപ്പണത്തിനായുള്ള ഹെൽപ് ഡെസ്ക് നെടുമങ്ങാട് പോളിടെക്നിക് കോളജിൽ സജ്ജമാക്കിയിട്ടുണ്ട്. ഠഠഠ.ുീഹ്യമറാശൈീി.ിൃഴ/ ഹലേ എന്ന വെബ്സൈറ്റിൽ അപേക്ഷിക്കാം. അപേക്ഷ സമർപ്പണം സൗജന്യമാണ്. അവസാന തീയതി മേയ് 30. കൂടുതൽ വിവരങ്ങൾക്ക്: 7306423502, 9497688633, 9846014331.



# വൈവിധ്യമാർന്ന തൊ ഴിൽ സാധ്യതയുള്ള കോ ഴ്സുകളുമായി ഫാത്തിമ മാതാ നാഷണൽ കോളജിലെ ബോട്ടണി വിഭാഗം

**കൊല്ലം:** നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ രജിസ്ട്രേഷൻ ഫാത്തിമ മാതാ നാഷണൽ കോളജിൽ ആരംഭിച്ചു.

രാജ്യാന്തര, ദേശീയ തലങ്ങളിലെ ഏറ്റവും മികച്ച സർവകലാശാലകളുടെ കോഴ്സുകൾക്ക് തുല്യമായ രീതിയിൽ ഓരോ പ്രോഗ്രാമിൻറെയും സിലബസുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നു.

പഠന ശേഷം തൊഴിൽ സാധ്യത കണക്കിലെടുത്ത് കൊമേർഷ്യൽ പ്ലാൻറ് ടിഷ്യൂകൾച്ചർ, ഫോറൻസിക് ബോട്ടണി, പ്ലാൻറ്ജെനറ്റിക് എൻജിനീയറിങ്ങ്, ഹെർബൽ ടെക്നോളജി, ഫ്ലോറിക്കൾചർ, ഓർഗാനിക് ഫാർമിങ്ങ്, എക്കോ ടൂറിസം, ഹെർബൽ കോസ്മെറ്റിക്സ്, അകാട്ടിക് ബോട്ടണി തുടങ്ങി വൈവിദ്ധ്യമാർന്ന നിരവധി വിഷയങ്ങൾ പഠിക്കുവാനുള്ള സൗകര്യം വിദ്യാർഥികൾക്ക് ഒരുക്കുകയാണ് ഫാത്തിമ മാതാ നാഷണൽ കോളജിലെ ബോട്ടണി വിഭാഗം.

ടിഷ്യൂകൾചർ ലാബ്, ബിരുദ, ബിരുദാനന്തര, ഗവേഷക കോഴ്സുകൾക്ക് പ്രത്യേകം ലാബുകൾ, ഫിസിയോളജി ലാബ്, ഡിപ്പാർട്ട്മെൻറ് ഓഫ് ബയോടെക്നോളജി, ഗവൺമെൻറ് ഓഫ് ഇന്ത്യ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഇൻസ്ട്രുമെൻറേഷൻ റൂമിൽ കോടികൾ വിലമതിക്കുന്ന ഉപകരണങ്ങൾ റിസർച്ച് ആവശ്യങ്ങൾക്കായി സജ്ജീകരിച്ചിരിക്കുന്നു. നിരവധി സസ്യങ്ങളുടെ കലവറയായ ഹെർബേറിയം, മ്യൂസിയം എന്നിവ പൊതു ജനങ്ങൾക്ക് കാണുവാനുള്ള അവസരവും നൽകിയിരിക്കുന്നു.

ഇവ കൂടാതെ പഠനാനാവശ്യങ്ങൾക്കായി ബോട്ടാണിക് ഗാർഡൻ, ഹെർബൽ ഗാർഡൻ, ബട്ടർഫ്ളൈ ഗാർഡൻ, നക്ഷത്ര വനം, ഫ്രൂട്ട് ഗാർഡൻ എന്നിവയും പരിപാലിച്ചു വരുന്നു.


റിസർച്ച് ഡിപ്പാർട്മെൻറ് ആയതിനാൽ ബോട്ടണി ഡിഗ്രിക്കു ചേരുന്ന വിദ്യാർഥിക്ക് ഗവേഷണം നടത്തി ഡോക്ടറേറ്റ് കരസ്ഥമാക്കാനും ഇവിടെ കഴിയും. പത്തോളം വിദ്യാർഥികൾ നിലവിൽ ഇപ്പോൾ ഇവിടെ ഗവേഷണം നടത്തി വരുന്നു.

എല്ലാ അധ്യാപകരും ഡോക്ടറേറ്റ് ഡിഗ്രി നേടിയവരാണെന്ന പ്രത്യേകതയും ബോട്ടണി ഡിപ്പാർട്മെൻറിനുണ്ട്.

ബോട്ടണി വിഷയത്തിൽ ഡിഗ്രിയും തുടർന്ന് ഗവേഷണം നടത്തി ഡോക്ടറേറ്റ് ഡിഗ്രി കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നവർക്ക് ഇപ്പോൾ fmnc.ac.in എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്ത് അഡ്മിഷൻ എടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 04742743387 എന്ന നമ്പരിൽ ബന്ധപ്പെടുക.

# ജൽജീവൻ പദ്ധതി ഇഴയുന്നു

**ചങ്ങനാശേരി:** സംസ്ഥാനത്ത് ജൽജീവൻ കുടിവെള്ള പദ്ധതി ഇഴയുന്നു. വാട്ടർ അഥോറിറ്റിയിൽനിന്നു കരാറുകാർക്ക് ലഭിക്കാനുള്ളത് 3,100കോടി രൂപ. കരാറുകാർ പണികൾ നിർത്തിവച്ച് സമരത്തിനൊരുങ്ങുന്നു. കഴിഞ്ഞ മാർച്ച് 31ന് പൂർത്തിയാക്കേണ്ടിയിരുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ അഞ്ചിലൊന്ന് ലക്ഷ്യം പോലും നേടാനായിട്ടില്ല. കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനായി 44,714.79 കോടിയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിരുന്നത്. ഇതുവരെ 9,000 കോടി രൂപ പോലും ചെലവഴിക്കപ്പെട്ടിട്ടില്ലെന്നാണ് രേഖകൾ ചൂണ്ടിക്കാണിക്കുന്നത്.




3,100 കോടി രൂപയുടെ കുടിശികയാണ് കരാറുകാർക്ക് ലഭിക്കാനുള്ളത്. കുഴിയെടുത്ത റോഡുകളിൽപ്പോലും പൈപ്പുകൾ ഇടാൻ കഴിയാത്ത സ്ഥിതിയിലായ സാഹചര്യത്തിൽ കരാറുകാർ ജൂൺ മാസത്തോടെ പണികൾ പൂർണമായും നിർത്തിവയ്ക്കാൻ ഒരുങ്ങുകയാണ്.

പദ്ധതി നിർവഹണത്തിനുള്ള കാലാവധി ഒരുവർഷംകൂടി നീട്ടണമെന്ന് ഇതിനോടകം സംസ്ഥാനസർക്കാർ ആവശ്യപ്പെട്ടെങ്കിലും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. പുതിയ ടെൻഡറുകൾ ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്താനാവില്ലെന്ന് കേന്ദ്രം കേരളത്തെ അറിയിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അനിശ്ചിതത്വവും ഭീമമായ കുടിശികയും മൂലം കരാറുകാർ പണികൾ ഉപേക്ഷിച്ചു തുടങ്ങിയിട്ടുണ്ട്. വിവിധ വിഷയങ്ങൾ ഉന്നയിച്ച് സംസ്ഥാനത്തെ കരാറുകാർ 29ന് തിരുവനന്തപുരം ജലഅഥോറിറ്റി കാര്യാലയത്തിൽനിന്ന് അക്കൗണ്ടൻറ് ജനറൽ ഓഫീസിലേക്കും സെക്രട്ടേറിയറ്റിലേക്കും മാർച്ചും ധർണയും നടത്തുമെന്ന് ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് വർഗീസ് കണ്ണമ്പള്ളി പറഞ്ഞു.

നിലവിലുള്ള കുടിശിക ഉടൻ നൽകുക, പദ്ധതി കാലാവധി മൂന്നുവർഷം കൂടി ദീർഘിപ്പിക്കുക, സംസ്ഥാന വിഹിതമായ 17,500 കോടി രൂപ യഥാസമയം സ്വരൂപിക്കുന്നതിന് സംസ്ഥാന സർക്കാരിൻറെ വായ്പാ പരിധി വർധിപ്പിക്കുക, വിപണി നിരക്കിൽ അടങ്കലുകൾ തയാറാക്കുക തുടങ്ങിയ വിഷയങ്ങളാണ് കരാറുകാർ ഉന്നയിച്ചിരിക്കുന്നത്. അറ്റകുറ്റപ്പണികൾ ചെയ്ത ഇനത്തിൽ കരാറുകാർക്ക് 170 കോടി രൂപയും വാട്ടർ അഥോറിറ്റിക്ക് നൽകാനുണ്ട്.

# മത്സ്യകൃഷി പദ്ധതിയിലേക്ക് അപേക്ഷിക്കാം

**തൃശൂർ:** ഫിഷറീസ് വകുപ്പ് പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന 202425 പദ്ധതി പ്രകാരം ബാക്ക്യാർഡ് ഓർണമെന്റൽ ഫിഷ് റിയറിങ് യൂണിറ്റ്(മൊത്തം ചെലവ് മൂന്ന് ലക്ഷം), രണ്ട് ബയോഫ്ളോക്ക് മത്സ്യകൃഷി(7.5 ലക്ഷം) റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം(7.5 ലക്ഷം), മിനി റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം(50000രൂപ) എന്നീ മത്സ്യകൃഷി പദ്ധതികൾക്കായി അപേക്ഷ ക്ഷണിച്ചു. പി.എം.എം.എസ്.വൈ പദ്ധതി പ്രകാരം യൂണിറ്റുകൾ സ്ഥാപിച്ച് ബില്ലുകൾ സമർപ്പിക്കുന്ന പക്ഷം യൂണിറ്റ് കോസ്റ്റ് 40ശതമാനം സബ്സിഡി ലഭിക്കും. താൽപര്യമുള്ളവർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയും അനുബന്ധ രേഖകളും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മലമ്പുഴ, പാലക്കാട്678651 എന്ന വിലാസത്തിൽ മെയ് 27ന് വൈകിട്ട് നാലിന് മുമ്പായി തപാൽ മുഖേനയോ ററളുസറ@ഴാമശഹ.രീാ എന്ന ഇമെയിൽ വിലാസത്തിലോ അയക്കണം. കൂടുതൽ വിവരങ്ങൾക്ക് മണ്ണാർക്കാട്, ചുള്ളിയാർ, ആലത്തൂർ മത്സ്യ ഭവനുകളുമായി ബന്ധപ്പെടണമെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഫോൺ: 0491 2815245, ഡി പി എം 9746595719, പ്രോജക്ട് കോർഡിനേറ്റർ 9446668523.

# അധ്യാപക നിയമനം

**പാലക്കാട്:** പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള കുഴൽമന്ദം (ആൺകുട്ടികൾ), തൃത്താല (പെൺകുട്ടികൾ) മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേക്ക് 202425 അധ്യയന വർഷത്തിൽ നിലവിലുള്ള ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ യോഗ്യരായവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. എച്ച്.എസ്.എസ്.ടി വിഭാഗം മലയാളം (സീനിയർ), ഇംഗ്ലീഷ് (സീനിയർ), കൊമേഴ്സ് (സീനിയർ), ഇക്കണോമിക്സ് (സീനിയർ), കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സീനിയർ), സുവോളജി(ജൂനിയർ), ബോട്ടണി (ജൂനിയർ), ഫിസിക്സ് (സീനിയർ), കെമിസ്ട്രി (സീനിയർ), കണക്ക് (സീനിയർ), എച്ച്.എസ്.ടി വിഭാഗത്തിൽ മലയാളം, ഇംഗ്ലീഷ്, കണക്ക്, സോഷ്യൽ സയൻസ്, നാച്ചുറൽ സയൻസ്, മ്യൂസിക്, മേട്രൺ കം റെസിഡന്റ് ട്യൂട്ടർ, വാർഡൻ, ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. അപേക്ഷകർ അധ്യാപക നിയമനത്തിന് സർക്കാർ നിശ്ചയിച്ച യോഗ്യതയുള്ളവരായിരിക്കണം. ഉയർന്ന യോഗ്യതയും ജോലി പരിചയമുള്ളവർക്കും എസ്.സി/എസ്.ടി വിഭാഗക്കാർക്കും മുൻഗണന ലഭിക്കും. ഹോസ്റ്റലിൽ താമസിച്ച് പഠിപ്പിക്കുവാൻ താൽപര്യമുള്ളവർ മാത്രം അപേക്ഷിച്ചാൽ മതിയാകും. പേര്, ഫോൺ നമ്പർ, അഡ്രസ്സ് സഹിതം വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം യോഗ്യതാ സർട്ടിഫിക്കറ്റുകളുടെയും പരിചയ സർട്ടിഫിക്കറ്റുകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, എസ്.സി/എസ്.ടി വിഭാഗത്തിൽ ഉൾപ്പെടുന്നവർ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം മെയ് 29ന് വൈകിട്ട് അഞ്ചിനു മുമ്പായി സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നൽകണമെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. ഫോൺ: ജില്ലാ പട്ടികജാതി വികസന ഓഫീസ്, പാലക്കാട് 0491 2505005, ജി.എം.ആർ.എസ് കുഴൽമന്ദം 04922 2171217, ജി.എം.ആർ.എസ് തൃത്താല 0466 2004547.

# ഐ.എച്ച്.ആർ.ഡി കോളേജുകളിൽ ഡിഗ്രി ഓണേഴ്സ് പ്രവേശനം

**പാലക്കാട്:** കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ മഹാത്മാ ഗാന്ധി സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അയിരൂർ (04735296833, 8547055105), കോന്നി (04682382280, 8547005074), മല്ലപ്പള്ളി (8547005033, 8547005075), കടുത്തുരുത്തി(04829264177, 8547005049), കാഞ്ഞിരപ്പള്ളി(04828206480, 8547005075) പയ്യപ്പാടി (8547005040), മറയൂർ (8547005072), നെടുങ്കണ്ടം (8547005067), പീരുമേട് ( 04869299373, 8547005041), തൊടുപുഴ (04862257447, 257811, 8547005047), പുത്തൻവേലിക്കര (04842487790, 8547005069) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന 11 അപ്ലൈഡ് സയൻസ് കോളെജുകളിലേക്ക് 202425 അദ്ധ്യയന വർഷത്തിൽ ഡിഗ്രി ഓണേഴ്സ് പ്രോഗ്രാമുകളിൽ കോളേജുകൾക്ക് നേരിട്ട് അഡ്മിഷൻ നടത്താവുന്ന 50ശതമാനം സീറ്റുകളിൽ ഓൺലൈൻ വഴി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

അപേക്ഷ www.ihrdadmissions.org എന്ന വെബ് സൈറ്റ് വഴി ഓൺലൈനായി എസ്.ബി.ഐ കലക്റ്റ് മുഖേന ഫീസ് ഒടുക്കി സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദിഷ്ട അനുബന്ധങ്ങൾ, 750 രൂപ (എസ്.സി ,എസ്.റ്റി 250 രൂപ) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളെജിൽ അഡ്മിഷൻ സമയത്ത് കൊണ്ട് വരണം. വിശദവിവരങ്ങൾ വെബ് സൈറ്റായ www.ihrd.ac.in ൽ ലഭ്യമാണെന്ന് ഡയറക്ടർ അറിയിച്ചു.

# ഇന്ത്യയിലെ പ്രവർത്തനം ശക്തമാക്കാൻ കോങ്സ്ബെർഗ് മാരിടൈം

**കൊച്ചി:** ഇന്ത്യയിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും വാട്ടർജെറ്റ് ഉൽപ്പന്നങ്ങളുടെ അസംബ്ലി സൗകര്യങ്ങൾക്കുമായിട്ടു കോങ്സ്ബെർഗ് മാരിടൈം ഇന്ത്യയിലെ കൊച്ചിയിൽ ഓഫീസ് തുറന്നു. ഇന്ത്യയിലെ നോർവേ അംബാസഡർ മെയ് എലിൻ സ്റ്റിനെർ ഉദ്ഘാടനം ചെയ്തു. കൊച്ചി കപ്പൽശാല സാങ്കേതികവിഭാഗം ഡയറക്ടർ ബിജോയ് ഭാസ്കർ, കോങ്സ്ബെർഗ് മാരിടൈം ഇന്ത്യ പ്രസിഡൻറ് അന്നറ്റ് ഹോൾട് എന്നിവർ പങ്കെടുത്തു.

കൊച്ചിൻ ഷിപ്പ്യാർഡിന്റെ ഇന്റർനാഷണൽ ഷിപ്പ് റിപ്പയർ ഫെസിലിറ്റിക്ക് സമീപമുള്ള മാരിടൈം പാർക്കിൽ ആരംഭിച്ച പുതിയ കോങ്സ്ബെർഗ് മാരിടൈം സൗകര്യം, കൊച്ചിൻ ഷിപ്പ്യാർഡിനുള്ളിൽ നടപ്പിലാക്കുന്ന പുതിയ നിർമ്മാണത്തിനും മറ്റ് പദ്ധതികൾക്കും പ്രാദേശിക വിദഗ്ധ സാങ്കേതിക പിന്തുണയും നൽകും.

കോങ്സ്ബെർഗ് മാരിടൈമിന്റെ കാമേവ വാട്ടർജെറ്റുകളുടെ നിർമാണം, കേന്ദ്ര സർക്കാരിന്റെ മേക് ഇൻ ഇന്ത്യ പദ്ധതികൾക്കായുള്ള തന്ത്രപരമായ സഹകരണം,കൂടുതൽ നിക്ഷേപം തുടങ്ങിയ ഭാവി പദ്ധതികൾ കൂടി കണക്കിലെടുത്താണ് കൊച്ചിയിൽ പുതിയ ഓഫീസ് ആരംഭിച്ചത്.പ്രൊപ്പൽഷൻ, ഹാൻഡ്ലിംഗ്, നാവിഗേഷൻ സംവിധാനങ്ങൾ ഉൾപ്പെടെ കോങ്സ്ബെർഗ് മാരിടൈം പോർട്ട്ഫോളിയോയിലെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾക്ക് സാങ്കേതിക പിന്തുണ നൽകുന്ന സർവീസ് എഞ്ചിനീയർമാരുടെ സേവനവും ഇനി കൊച്ചിയിൽ ലഭ്യമാകും.കടൽ, കടൽത്തീരം, ബഹിരാകാശ, പ്രതിരോധ മേഖലകളിലെ പുതിയ സാങ്കേതികവിദ്യയ്ക്ക് ഒട്ടേറെ സംഭാവനകൾ നൽകുന്ന കോങ്സ്ബെർഗ് മാരിടൈം വർഷങ്ങളായി ഇന്ത്യയിൽ പ്രവർത്തിക്കുന്നതിൽ അഭിമാനമുണ്ടെന്നും നോർവീജിയൻ ഗവൺമെന്റിന് 50%ലധികം ഷെയർഹോൾഡിംഗ് ഉള്ള മുൻനിര കമ്പനികളിലൊന്നാണിതെന്നും പുതിയ സൗകര്യം ഉദ്ഘാടനം ചെയ്തുകൊണ്ട്, ഇന്ത്യയിലെ നോർവേയുടെ അംബാസഡർ മെയ്എലിൻ സ്റ്റെനർ പറഞ്ഞു. പുതിയ കോങ്സ്ബെർഗ് മാരിടൈം സൗകര്യം തുറക്കുന്നത് നോർവേഇന്ത്യ ബിസിനസ് ബന്ധങ്ങൾ വർദ്ധിപ്പിക്കുമെന്നും ഇത് പുതുതായി ഒപ്പുവച്ച എഫ്റ്റ ഇന്ത്യ വ്യാപാരസാമ്പത്തിക പങ്കാളിത്ത കരാറിനെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും അവർ പറഞ്ഞു.മാരിടൈം ഹബ്ബായ കൊച്ചിയിൽ പുതിയ ഓഫീസ് തുറക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും കപ്പൽ നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും ഉയർന്ന തലത്തിലുള്ള വൈദഗ്ധ്യവും സേവനവും കൊച്ചി കപ്പൽശാലയ്ക്ക് ലഭ്യമാക്കുമെന്നും കോങ്സ്ബർഗ് മാരിടൈം ഇന്ത്യ പ്രസിഡന്റ് ആനെറ്റ് ഹോൾട്ടെ പറഞ്ഞു. തന്ത്രപരമായ പങ്കാളിത്തത്തിലൂടെ, ഞങ്ങളുടെ വാട്ടർജെറ്റുകളുടെ ശ്രേണിയിൽ അസംബ്ലിയും ഓവർഹോൾ ശേഷിയും ഉൾപ്പെടുത്തുന്നതിനായി പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും അവർ പറഞ്ഞു.

# ഷൈൻ 100 ന്റെ ഒന്നാം വാർഷികം ആഘോഷിച്ച് ഹോണ്ട



**കൊച്ചി:** രാജ്യത്തെ മുൻനിര ഇരുചക്ര വാഹന നിർമാതാക്കളായ ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ

ഇന്ത്യ (എച്ച്എംഎസ്ഐ) ഷൈൻ 100 ന്റെ ഒന്നാം വാർഷികം ആഘോഷിച്ചു. ആഘോഷങ്ങളുടെ ഭാഗമായി രാജ്യത്തെ വിവിധ നഗരങ്ങളിൽ ഷൈൻ 100ന്റെ മെഗാ ഡെലിവറി പരിപാടികളും എച്ച്എംഎസ്ഐ സംഘടിപ്പിച്ചു. ഇതുവരെ ഷൈൻ 100ന്റെ 3 ലക്ഷം യൂണിറ്റുകളാണ് വിറ്റഴിക്കപ്പെട്ടത്. 6,000ലധികം ടച്ച്പോയിന്റുകളുമായി വിപുലമായ വില്പനനാന്തര സേവനവും എച്ച്എംഎസ്ഐ ഉറപ്പാക്കുന്നു. 64,900 രൂപയാണ് ഷൈൻ 100ന്റെ ഡൽഹി എക്സ്ഷോറൂം വില. ഏറ്റവും പുതിയ 100സിസി ഒബിഡി2 കോംപ്ലിയന്റ് പിജിഎംഎഫ്ഐ എഞ്ചിനാണ് കരുത്ത്. എൻഹാൻസ്ഡ് സ്മാർട്ട് പവർ സാങ്കേതികവിദ്യയുമുണ്ട്. പ്രത്യേക 10 വർഷത്തെ വാറന്റി പാക്കേജും (3 വർഷത്തെ സ്റ്റാന്ഡേർഡ് + 7 വർഷത്തെ ഓപ്ഷണൽ എക്സ്റ്റന്ഡഡ് വാറന്റി) എച്ച്എംഎസ്ഐ വാഗ്ദാനം ചെയ്യുന്നു.ഹോണ്ട ഷൈൻ 100 അതിന്റെ ആദ്യ വർഷം പൂർത്തിയാക്കിയതായി അറിയിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ മാനേജിങ് ഡയറക്ടറും പ്രസിഡന്റും സിഇഒയുമായ സുത്സുമു ഒട്ടാനി പറഞ്ഞു. പ്രതീക്ഷകൾക്കപ്പുറമുള്ള ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിലും ഇന്ത്യൻ വിപണിയിൽ തങ്ങളുടെ സാന്നിധ്യം ശക്തമാക്കുന്നതിലും കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തുടരുമെന്നും അദ്ദേഹം പറഞ്ഞു.

# ഏകാംഗ കുച്ചിപ്പുടി ഡ്രാമ 'ജ്വാലാമുഖി' 25ന് വേദിയിൽ

**കൊച്ചി:** അമർഷത്തിന്റെ പൊള്ളിക്കുന്ന ഐതിഹ്യഖ്യാനം 'ജ്വാലാമുഖി' ഈ മാസം 25നു വൈകിട്ട് ആറിന് എറണാകുളം ടിഡിഎം ഹാളിൽ. നർത്തകി അഡ്വ. പാർവ്വതി മേനോൻ ആശയവും സൃഷ്ടിയും നിർവ്വഹിച്ച ഏകാംഗ കുച്ചിപ്പുടി ഡ്രാമയാണ് 'ജ്വാലാമുഖി'. പ്രവേശനം സൗജന്യമാണ്. ഹൈന്ദവ പുരാണത്തിലെ ശിവന്റെ ഭാര്യയായ സതിയെ അടിസ്ഥാനമാക്കി, അഡ്വ. പാർവ്വതി സങ്കൽപിച്ച് സമാഹരിച്ച് അവതരിപ്പിക്കുന്ന വേറിട്ട കൃതിയാണിത്. കുച്ചിപ്പുടിയുടെ എല്ലാ മേഖലകളും ഉൾക്കൊള്ളുന്ന സെൻസിറ്റീവ് കൊറിയോഗ്രാഫിയിൽ നർത്തകി തന്നെ അപൂർവ്വമായ വാചിക അഭിനയം അവതരിപ്പിക്കുന്നു. ബിജീഷ് കൃഷ്ണയാണ് സംഗീതം ഒരുക്കിയിരിക്കുന്നത് . താളരചന കലാമണ്ഡലം ചാരുദത്തും ആർ എൽവി ഹേമന്ത് ലക്ഷ്മണും. എട്ട് അംഗങ്ങൾ ഉൾപ്പെടുന്ന ലൈവ് ഓർക്കസ്ട്രയിലായിരിക്കും പ്രകടനം.



കുച്ചിപ്പുഡി നർത്തകി അഡ്വ. പാർവ്വതി മേനോൻ കലാമണ്ഡലം മോഹനതുളസിയുടെയും കലാരത്ന എ ബി ബാലകൊണ്ടലറാവു എന്നിവരുടെ ശിഷ്യയാണ്. ഗണിതശാസ്ത്രത്തിൽ ബിരുദധാരിയായ പാർവ്വതി കേരള ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നു. സതിയുടേത് പോലെ കരുത്തുറ്റ വേഷം 'ജ്വാലാമുഖി'യിൽ അവതരിപ്പിക്കാനാകുന്നതിൽ അതീവചാരിതാർഥ്യം ഉണ്ടെന്നു പാർവ്വതി പറഞ്ഞു. മറ്റേവരെയും പോലെ ഭരതനാട്യത്തിൽ തുടങ്ങിയ പാർവ്വതിയുടെ താത്പര്യം പിന്നീട് കുച്ചിപ്പുടിയിലേക്ക് മാറുകയായിരുന്നു. കുച്ചിപ്പുടിക്ക് തനത് തലങ്ങളും ഘടനയുമുണ്ട്. അഭിനയത്തോട് ഇഷ്ടമുള്ളതിനാൽ അതിനവസരവും കുച്ചിപ്പുടി ഒരുക്കുന്നുണ്ടെന്നും അഡ്വ. പാർവ്വതി മേനോൻ അഭിപ്രായപ്പെട്ടു.ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ഹരിശങ്കർ വി മേനോന്റെയും അഭിഭാഷകയായ മീര മേനോന്റെയും മകളാണ് മൂന്നു വയസുമുതൽ നൃത്തം അഭ്യസിക്കുന്ന പർവ്വതി മേനോൻ.

# ഓൺലൈൻ അഭിരുചി പരീക്ഷയും കൗൺസിലിങ്ങും

**കണ്ണൂർ:** പത്താംക്ലാസ് പൂർത്തിയായ കുട്ടികൾക്കുള്ള കൗൺസലിങ് കരിയർ ഗൈഡൻസ് ക്ലാസ് തോട്ടട ഗവ.എച്ച് എസ് എസിൽ ഡയറ്റ് പ്രിൻസിപ്പൽ വി വി പ്രേമരാജൻ ഉദ്ഘാടനം ചെയ്തു. പത്താം ക്ലാസ് പൂർത്തിയാകുന്ന വിദ്യാർഥികൾക്ക് അനുയോജ്യമായ തുടർപഠന സാധ്യതകളും കരിയർ മേഖലകളും കണ്ടെത്താൻ സഹായിക്കുന്ന ശാസ്ത്രീയമായ ഓൺലൈൻ അഭിരുചി പരിശോധന സംവിധാനമായ ലീപ് ഉപയോഗിച്ചാണ് വിദ്യാർഥികളുടെ അഭിരുചി പരിശോധിക്കുന്നത്.

